## തിരുവനന്തപുരം സിറ്റി പോലീസ്

### പത്രക്കുറിപ്പ്

# വീടും വാഹനങ്ങളും അടിച്ച് തകർത്ത മൂന്നംഗ സംഘം പിടിയിൽ

# വീട്ടിൽ അതിക്രമിച്ച് കയറി പീഡനം- പ്രതി പിടിയിൽ

## കോവിഡ്-19

## വിലക്ക് ലംഘനം: 108 പേർക്കെതിരെ നിയമ നടപടി 18,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- നാലാഞ്ചിറ തിലക് നഗറിൽ മദ്ധ്യവയസ്കയും മകനും വാടകയ്ക്ക് താമസിച്ചിരുന്ന വീടും വാഹനങ്ങളും അടിച്ച് തകർത്ത പ്രതികളെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മലയിൻകീഴ് സ്വദേശികളായ മേപ്പക്കട വെട്ടിക്കോണത്ത് വീട്ടിൽ രാജേന്ദ്രൻ മകൻ അഭിലാഷ് (33), അരുവിപ്പാറ സുജിത്ത് നിവാസിൽ സത്യൻ മകൻ സുജിത്ത് @ ചിപ്പുട്ടി (26), മേപ്പുക്കട കൊഴക്കാട് എസ്സ്. എസ്സ് ഭവനിൽ സജു മകൻ സജീവ് (24) എന്നിവരെയാണ് മണ്ണന്തല പോലീസ് അറസ്റ്റ് ചെയ്തത്. 28/09/2020 തീയതിയാണ് സംഭവം നടന്നത്.



മണ്ണന്തല പോലീസ് അറസ്റ്റ് ചെയ്ത
അഭിലാഷ് (33), സജീവ്(24), സുജിത് @ ചിപ്പുട്ടി(26)

പുലർച്ചെ 01.30 മണിയോടു കൂടി പ്രതികൾ മാരാകായുധങ്ങളുമായി മദ്ധ്യവയസ്കയുടെ മകനെ ആക്രമിക്കുവാൻ എത്തുകയായിരുന്നു. എന്നാൽ മകൻ വീട്ടിൽ ഇല്ലാത്തതിനാൽ പ്രതികൾ വീട്ടിൽ അതിക്രമിച്ചു കയറി വീടും അവിടെയുണ്ടായിരുന്ന വാഹനങ്ങളും അടിച്ച് തകർത്തു. അക്രമത്തിനു ശേഷം ഒളിസങ്കേതങ്ങളിൽ മാറി മാറി താമസിച്ചു വരവേയാണ് മണ്ണന്തല പോലീസ് പ്രതികളെ തന്ത്രപൂർവ്വം അറസ്റ്റ് ചെയ്തത്. പ്രതികൾക്കെതിരെ മ്യൂസിയം, പൂജപ്പുര, മലയിൻകീഴ് എന്നീ സ്റ്റേഷനുകളിൽ കൊലപാതകം , കവർച്ച, പെൺവാണിഭ കേസുകൾ നിലവിലുണ്ട്. ഇവർക്കുള്ള അന്തർ സംസ്ഥാന പെൺവാണിഭ ബന്ധത്തെക്കുറിച്ചും പോലീസിനു വിവരം ലഭിച്ചിട്ടുണ്ട്. കൃത്യത്തിനുപയോഗിച്ച മാരാകയുധങ്ങളും മറ്റും പോലീസ് കണ്ടെത്തിയിട്ടുണ്ട്. ഡി സി പി ഡോ. ദിവ്യ വി. ഗോപിനാഥിന്റെ നിർദേശാനുസരണം മണ്ണന്തല എസ് എച്ച് ഓ ജി.പി സജുകുമാർ , എസ് ഐ ഗോപിചന്ദ്രൻ ഒ. വി, എസ് സി പി ഓ നാസർ, സി പി ഓമാരായ രതീഷ്, അജീഷ്, എന്നിവരടങ്ങുന്ന അന്വേഷണ സംഘമാണ് പ്രതികളെ പിടികൂടിയത്. പ്രതികളെ കോടതി റിമാന്റ് ചെയ്തു.

## വീട്ടിൽ അതിക്രമിച്ചു കയറി പീഡനം –പ്രതി പിടിയിൽ

തിരുവനന്തപുരം:- ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീയുടെ വീട്ടിൽ അതിക്രമിച്ചു കയറി മർദിച്ചു പീഡിപ്പിച്ച പ്രതിയെ പോലീസ് അറസ്റ്റ് ചെയ്തതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ശ്രീകാര്യം ഗാന്ധിപുരം ഗണപതി കോവിലിനു സമീപം കാവുവിള വീട്ടിൽ ബിനു എന്ന് വിളിക്കുന്ന ചിത്രസേനൻ (41) നെ യാണ് ശ്രീകാര്യം പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ 31-നു, പുലർച്ചെ ആറു മണിക്കാണ് കേസിനാസ്പദമായ സംഭവം നടന്നത്. സംഭവത്തിനു ശേഷം ഒളിവിൽ പോയ പ്രതിയെ ശ്രീകാര്യം എസ് എച്ച് ഓ



ശ്രീകാര്യം പോലീസ് അറസ്റ്റ് ചെയ്ത ചിത്രസേനൻ @ ബിനു (41)

അഭിലാഷ് ഡേവിഡിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് ഇന്നലെ അറസ്റ്റ് ചെയ്തത്.

**കോവിഡ് സുരക്ഷാ കേസ് വിവരം**

തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 108 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 12 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 69 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 21 പേരിൽ നിന്നുമായി 18,000/- രൂപ പിഴ ഈടാക്കി. സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര നടത്തിയ 3 വാഹനങ്ങൾക്കെതിരെയും കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 3 കടകൾക്കെതിരെയും ഇന്നലെ നിയമ നടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി

04-11-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി